**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1586** **07-02-2023 - ൽ മറുപടിയ്ക്ക്**

**തീരക്കടൽ കപ്പൽ ഗതാഗതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇരുപത് ശതമാനം ചരക്ക് കടത്തൽ തീരക്കടൽ കപ്പൽ ഗതാഗതം വഴിയാക്കുമെന്ന പ്രഖ്യാപിത ലക്ഷ്യത്തിനനുസരിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | തീരദേശ കപ്പൽ ഗതാഗതം സുഗമമായി നടത്തുന്നതിനായി ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ വാർഫ്, ക്രെയിൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലത്ത് ഇന്റഗ്രേറ്റഡ് ചെക്ക് ചെക്ക് പോസ്റ്റ് (ICP) ആരംഭിക്കുന്നതിനു കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് വരുന്നു. ബേപ്പൂർ തുറമുഖത്തെ ആഴം വർദ്ധിപ്പിക്കുന്നതിന് ഡ്രെഡ്ജിംഗ് ഉടനെ ആരംഭിക്കുന്നതാണ്. അവിടെ ഒരു Standard Operating Procedure തയ്യാറാക്കിവരുന്നു. ഇതിനുവേണ്ടി വിവിധതലത്തിൽ ചർച്ച നടത്തി ഷിപ്പിംഗ് ഏജൻസികളുടെ ആവശ്യാനുസരണം കപ്പൽ ഗതാഗത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിഴിഞ്ഞം തുറമുഖം പ്രാവർത്തികമാകുന്ന മുറയ്ക്ക് തീരദേശത്തിലൂടെയുള്ള കപ്പൽ ഗതാഗതം സുഗമമാക്കാൻ മറ്റു പോർട്ടുകളിലും ബർത്തുകൾ പണിയുക, ആഴം കൂട്ടുക തുടങ്ങിയ പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പദ്ധതി പൂർണ്ണതോതിൽ വ്യാപകമാകാത്തതിനാൽ ഇരുവശങ്ങളിലേക്കും ചരക്ക് ലഭിക്കാത്തത് കാരണം ചരക്ക് കടത്തിയിരുന്ന കമ്പനികൾ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ; തീരക്കടൽ ചരക്ക് കടത്തിന് ഓരോ ടണ്ണിനും എത്ര രൂപയാണ് സർക്കാർ ഇൻസെന്റീവ് നൽകിവരുന്നത്; | (ബി) | ഉണ്ട്. കോസ്റ്റൽ ഷിപ്പിംഗ് കമ്പനികൾക്ക് തീരദേശ കപ്പൽ ഗതാഗതത്തിൽ ചരക്കുകളുടെ കുറവിൽ വരുന്ന നഷ്ടം നികത്താനായി ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം ഗവൺമെന്റ് ഇൻസെന്റീവ് നൽകിയിരുന്നു. |
| (സി) | വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തീരക്കടൽ ചരക്ക് ഗതാഗതത്തിന്റെ പ്രാധാന്യം വർദ്ധിക്കാനിടയുള്ളത് കണക്കിലെടുത്ത് മാരിടൈം | (സി) | വിഴിഞ്ഞം തുറമുഖം പ്രാബല്യത്തിൽ വരുന്നത് പരിഗണിച്ചുകൊണ്ട് നേരിട്ട് കപ്പൽ ഗതാഗതം നടത്താനാകുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു. ഇത് സംബന്ധിച്ച് പഠനം നടത്തുന്നതിന് സെന്റർ |

| | | | |
|---|---|---|---|
| | ബോർഡ് നേരിട്ട് കപ്പൽ സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | | ഫോർ മാനേജ്മെന്റ് സ്റ്റഡീസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | വല്ലാർപാടം മുതൽ വിവിധ സ്ഥലങ്ങളി ലേയ്ക്ക് | 20 അടി ലോഡഡ് കണ്ടെയ്നറിനു ശുപാർശ ചെയ്തിരിക്കുന്ന ഇൻസെന്റീവ് (രൂപ) | 40 അടി ലോഡഡ് കണ്ടെയ്നറിനുശുപാർശ ചെയ്തിരിക്കുന്ന ഇൻസെന്റീവ് (രൂപ) |
|---|---|---|---|
| 1 | കൊച്ചി മുതൽ ബേപ്പൂർ തുറമുഖം വരെ | 12,790/- | 16,627/- |
| 2 | കൊച്ചി മുതൽ അഴീക്കൽ തുറമുഖം വരെ | 20,774/- | 27,007/- |
| 3 | കൊച്ചി മുതൽ കൊല്ലം തുറമുഖം വരെ | 10,200/- | 13,259/- |